## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4319

28.06.2012 ൽ മറുപടിക്ക്

## പോളിടെക്നിക്കുകൾക്കുള്ള എം.എച്ച്.ആർ.ഡി.ഗ്രാന്റ്

| ചോദ്യം<br>ശ്രീ. ബി.ഡി.ദേവസ്സി | മറുപടി<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത പോളിടെക്നിക്കുകൾക്ക് കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയം നേരിട്ട് നൽകിവന്നിരുന്ന ഗ്രാന്റ് വിഹിതം സംസ്ഥാന ഗവൺമെന്റ് വഴിയാക്കിയതിനുശേഷം കൃത്യമായും പൂർണ്ണമായും ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) തെരഞ്ഞെടുക്കപ്പെട്ട എല്ലാ പോളിടെക്നിക്കുകൾക്കും ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറിച്ചുള്ള റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) കൊരട്ടി ഗവൺമെന്റ് പോളിടെക്നിക്കിന് എം.എച്ച്.ആർ.ഡി.ഗ്രാന്റ് ആയി ലഭിക്കേണ്ട 12 ലക്ഷം രൂപയിൽ 5,25,937 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ? | ബി) കൊരട്ടി ഗവൺമെന്റ് പോളിടെക്നിക് കോളേജിന് 2011-12 വർഷത്തിൽ 5,25,937/- രൂപ ഗ്രാന്റായി നൽകിയിട്ടുണ്ട്. 2012-13 വർഷത്തിൽ വകയിരുത്തിയിട്ടുള്ള അർഹമായ വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ